കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വടകരപ്പതി ഗ്രാമ പഞ്ചായത്ത്

# 2016-17 ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി11/1688/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
പാലക്കാട്

തീയതി-9.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വടകരപ്പതി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :വടകരപ്പതി ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി11/1688/2017 തീയതി – 09.10.2017

പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19-11-2016 മുതൽ 30-06-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുനിൽദാസ്.എസ്.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-07-2017 മുതൽ 24-07-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി പി.സുജാത, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി എ.സുജാത, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി എം. വി. ബീന, ഓഡിറ്റർ<br>കുമാരി പി. കാർത്തിക, ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കുളന്തൈ തെരസ | 01-04-16 മുതൽ 31-03-17 വരെ |
| സെക്രട്ടറി | ശ്രീ.രാമനുണ്ണി.എൻ | 01-04-16 മുതൽ 31-03-17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| കൃഷി ഓഫീസർ | ശ്രീ. അഭിലാഷ് | 01-04-16 മുതൽ 31-03-17 വരെ |

| | | |
|---|---|---|
| അസി.എഞ്ചിനിയർ | ശ്രീമതി. സുഷമ | 01-04-16 മുതൽ 03-04-16 വരെ |
| | ശ്രീ. അനുരാജ് | 04-04-16 മുതൽ 30-09-16 വരെ |
| | ശ്രീ. സേതു.എസ് | 01-10-16 മുതൽ 17-03-17 വരെ |
| | ശ്രീ. നിതിൻ | 18-03-17 മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ശ്രീമതി. ആൻസി സാമുവൽ | 01-04-16 മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ശ്രീ. സുജിത് | 01-04-16 മുതൽ 31-03-17 വരെ |
| വെറ്ററിനറി സർജൻ | ശ്രീ. ഫ്രാൻസിസ് അർപുതദാസ് | 01-04-16 മുതൽ 31-03-17 വരെ |
| പ്രധാന അദ്ധ്യാപിക | ശ്രീമതി. കുമുദം | 01-04-16 മുതൽ 31-03-17 വരെ |
| വി.ഇ.ഒ<br>സർക്കിൾ 1 | ശ്രീമതി. അനുഷ റാണി.പി.ജി | 01-04-16 മുതൽ 31-03-17 വരെ |
| വി.ഇ.ഒ<br>സർക്കിൾ II | ശ്രീമതി. ഗൗരി.ടി | 01-04-16 മുതൽ 31-03-17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. വസന്തകുമാരി | 01-04-16 മുതൽ 31-03-17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. രാധിക.ജി | 01-04-16 മുതൽ 31-03-17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 17.03.2016 തിയതിയിലെ തീരുമാന നം. 2 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 03-07-2017 | -- | -- |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -10335957

വരവ് -70141611

ആകെ -80477568

ചെലവ് -63657569

നീക്കിയിരിപ്പ്-16819999

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (അലോട്ട് മെന്റ്) | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19198005 | 19198005 | 18602331 | 595674 | 0 | 96.89 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3364503 | 3364503 | 2310471 | 1054032 | 0 | 68.67 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1801863 | 1801863 | 1752515 | 49348 | 0 | 97.26 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6241527 | 6241527 | 239610 | 6001917 | 0 | 3.83 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5599536 | 5599536 | 2346215 | 3253321 | 0 | 41.9 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9729980 | 9729980 | 9263991 | 465989 | 0 | 95 |
| പെർഫോമൻസ് ഗ്രാന്റ് (central) | 0 | 5780196 | 5780196 | 1100461 | 4679735 | 0 | 19 |
| പെർഫോമൻസ് ഗ്രാന്റ് (state) | 0 | 1481877 | 1481877 | 0 | 1481877 | 0 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 141 | 68403324 | 73 | 37468375 | 10 | 58 | 52 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 2112000 | 1950645 | 95.4 |
| വെറ്ററിനറി സർജൻ | 1 | 1 | 90000 | 90000 | 100 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 4 | 4 | 701100 | 511042 | 72.9 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 300000 | 300000 | 100 |
| വി.ഇ.ഒ. | 18 | 15 | 24190500 | 17227476 | 71 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 4934738 | 4265617 | 86 |
| സെക്രട്ടറി | 35 | 28 | 9718526 | 8202297 | 84.4 |
| പ്രധാനാദ്ധ്യാപിക | 1 | 1 | 150000 | 139782 | 93 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 16 | 24206460 | 3785656 | 15.6 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 2000000 | 995860 | 49.8 |
| ആകെ | 141 | 73 | 68403324 | 37468375 | 55 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 0.08 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4588423 | 3872237 | (-)716186 | (-) 16 |
| നികുതിയേതര വരവുകൾ + മറ്റുവരവുകൾ | 1512749 | 2223895 | (+)711146 | (+) 47 |
| ആകെ | 6101172 | 6096132 | (-) 5040 | (-) 0.08 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാന മെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|
| തൊഴിൽരഹിത വേതനം | --- | --- | --- | --- |
| കർഷകതൊഴിലാളി പെൻഷൻ | 6 | 6 | ----- | ----- |
| വിധവാപെൻഷൻ | 97 | 94 | 3 | ---- |
| വാർദ്ധക്യകാലപെൻഷൻ | 450 | 434 | 16 | ---- |
| വികലാംഗപെൻഷൻ | 11 | 11 | ---- | ----- |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7 | 4 | 3 | ---- |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-07-2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 6869 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്ത് സമിതിയുടെ യോഗതീരുമാനങ്ങളും യോഗനടപടിക്രമവും രേഖപ്പെടുത്തുന്നതിലെ അപാകതകൾ

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26 ൽ യോഗ തീരുമാനങ്ങളും യോഗ നടപടിക്രമവും രേഖപ്പെടുത്തുന്ന വിധം പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഇതിലെ നിർദ്ദേശങ്ങൾ പലതും പാലിച്ചിട്ടില്ല.

മേൽ ചട്ടങ്ങളിലെ ചട്ടം 26(3)പ്രകാരം പഞ്ചായത്ത് യോഗത്തിൽ പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും രേഖപ്പെടുത്തുന്നതിന് ഒരു തീരുമാന രജിസ്ററും പഞ്ചായത്തിന്റെ യോഗ നടപടിക്രമം രേഖപ്പെടുത്തുന്നതിന് ഒരു മിനിട്സ് ബുക്കും ഉണ്ടായിരിക്കേണ്ടതും അവയിൽ മുൻകൂട്ടി ക്രമമായി പേജ് നമ്പർ രേഖപ്പെടുത്തേണ്ടതും അവ സെക്രട്ടറിയുടെ സൂക്ഷിപ്പിൽ ആയിരിക്കേണ്ടതുമാണ്. ചട്ടം 26(7) പ്രകാരം പഞ്ചായത്ത് യോഗത്തിൽ ഓരോ വിഷയത്തിലും അംഗങ്ങൾ നടത്തിയ പ്രസംഗങ്ങളുടെയും പ്രസ്താവനകളുടെയും സെക്രട്ടറി നൽകിയ അഭിപ്രായങ്ങളുടെയും ക്രമ പ്രശ്നങ്ങളിൻമേൽ അദ്ധ്യക്ഷൻ എടുത്ത തീരുമാനങ്ങളുടേയും രത്ന ചുരുക്കവും, ഏതെങ്കിലും വിഷയത്തിൽ വോട്ടെടുപ്പ് നടന്നുവെങ്കിൽ അനുകൂലിച്ചും പ്രതികൂലിച്ചും വോട്ടു ചെയ്ത അംഗങ്ങളുടെ പേരു വിവരവും, അനുവദിക്കപ്പെട്ട ചോദ്യങ്ങളും അവയ്ക്ക് നൽകപ്പെട്ട ഉത്തരങ്ങളും, പഞ്ചായത്ത് പാസാക്കിയ തീരുമാനങ്ങളും പ്രമേയങ്ങളും യോഗ നടപടിക്കുറിപ്പുകളായി വിശദമായി മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

മിനിട്സിലെ രേഖപ്പെടുത്തലുകളിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. 27.12.2016 വരെ മാത്രമേ ഭരണസമിതി മിനുട്സ് രേഖപ്പെടുത്തിയിട്ടുള്ളൂ.
2. രേഖപ്പെടുത്തിയ തീരുമാനങ്ങളിൽ ആരും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
3. 1.11.16 തീയതിവരെയുള്ള തീരുമാനങ്ങൾ രേഖപ്പെടുത്തിയ മിനുട്സ് ബുക്കിൽ പേജ് 12 മുതൽ 23 വരെ ഒന്നും രേഖപ്പെടുത്താതെ ഒഴിച്ചിട്ടിരിക്കുന്നു.

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് യോഗങ്ങൾ നടത്തുന്നതിന് ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-06-17 | 01-15-17 മുതൽ 31-05-17 വരെ | 18-07-17 (4/2017 വരെയുള്ളത്) |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-01-16 മുതൽ 22-01-16 വരെ | 2010-11 മുതൽ 2014-15 വരെ | 25-02-16 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് -അപാകതകൾ.

(എ) അപേക്ഷകളിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

നിരവധി അപേക്ഷകളിൽ ഒരു ദിവസത്തെ വിറ്റു വരവോ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിര ശക്തിയോ എന്നിവ രേഖപ്പെടുത്താതെ തന്നെ ലൈസൻസ് അനുവദിച്ചതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് നം. | അപേക്ഷകന്റെ പേരും മേൽ വിലാസവും | സ്ഥാപനം |
|---|---|---|
| 27/16-17 | തോമസ് എഡ്വേർഡ്, കോഴിപ്പാറ | പലചരക്ക് കട |
| 178/16-17 | കെ.പി.ഡേവിസ്, മാനേജിംഗ് പാർട്ട്ണർ,നാട്ടുകൽ | കെ.ജി.പി ക്വാറി |
| 202/16-17 | റോസിലിൻ ലളിത ക്രിസ്റ്റി, മേനോൻപാറ | മോണിംഗ്സ്റ്റാർ ടെക്സ്റ്റയിൽസ് |

(ബി) താമസിച്ച് സമർപ്പിച്ച അപേക്ഷകളിന്മേൽ അധികഫീസ് ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും താമസിച്ച് സമർപ്പിച്ച അപേക്ഷകളിന്മേൽ അധിക ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ലൈസൻസ് നം. | കെട്ടിട നം./വാർഡ് നം. | സ്ഥാപനം | ഈടാക്കിയ ഫീസ് /തിയതി | ഈടാക്കേണ്ട അധികഫീസ് |
|---|---|---|---|---|
| 210/16-17 | 586/16 | KAIL ലിമിറ്റഡ് (Storing Electronic products &Home Aplliances) | 4000/04-07-16 | 1000 |
| 212/16-17 | 587/16 | വീഡിയോകോൺ ഇൻഡസ്ട്രീസ് | 4000/04-07-16 | 1000 |
| | | | ആകെ | 2000 |

തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അധിക ഫീസ് ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി അപാകതകൾ

2016-17 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

2016-17 സാമ്പത്തിക വർഷം വടകരപ്പതി ഗ്രാമപഞ്ചായത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല .വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര. നം | ജീവനക്കാരന്റെ പേര് | തസ്തിക | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി |
|---|---|---|---|---|
| 1 | T.ശെൽവരാജ് | പമ്പ് ഓപ്പറേറ്റർ | ഒന്നാം അർദ്ധ വർഷം-15200<br>രണ്ടാം അർദ്ധ വർഷം - 30200 | 120<br>300 |
| 2 | നാരായണസ്വാമി | പമ്പ് ഓപ്പറേറ്റർ | ഒന്നാം അർദ്ധ വർഷം-24000 | 180 |

| | | | | |
|---|---|---|---|---|
| | | | രണ്ടാം അർദ്ധ വർഷം | |
| ആകെ | | | | 600 |

തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനാലുള്ള നഷ്ടം 600/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി)ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് തൊഴിൽനികുതി ഈടാക്കി.

2016-17 സാമ്പത്തിക വർഷം വടകരപ്പതി ഗ്രാമപഞ്ചായത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 13 ജീവനക്കാരുടെ തൊഴിൽ നികുതി 8890/- രൂപ ഓഡിറ്റ് അന്വേഷണം (നം.14/24-07-17) നൽകിയതിനെ തുടർന്ന് ഈടാക്കിയിട്ടുണ്ട്.

സി) സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|
| എസ്. ബി. ടി, ഒഴലപ്പതി | രണ്ടാം അർദ്ധ വർഷം |
| കാനറാ ബാങ്ക്, വേലന്താവളം | ഒന്നാം അർദ്ധ വർഷം |
| ബി.എസ്.എൻ.എൽ | ഒന്നും രണ്ടും അർദ്ധ വർഷം |
| മിൽക്ക് സൊസൈറ്റി, കോഴിപ്പാറ | ഒന്നും രണ്ടും അർദ്ധ വർഷം |

ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 വാടക ഈടാക്കിയിട്ടില്ല

1. 2016-17 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്.താഴെ പറയുന്ന കെട്ടിടങ്ങളുടെ മുഴുവൻ വാടക നാളിതു വരെ ഈടാക്കിയിട്ടില്ല.

1. ആരാധന ഫുഡ്സ്, വേലന്താവളം

പ്രതിമാസ വാടക – 1329/-

തൻവർഷം അടച്ച തുക - 9303/-

ബാക്കി - 6645/- {(1329x12) – 9303}

2. മാവേലി സ്റ്റോർ, വേലന്താവളം

പ്രതിമാസ വാടക – 1063/-

തൻവർഷം അടച്ച തുക - 10630/-

ബാക്കി - 2126/- {(1063x12) – 10630}

2. മുൻ വർഷങ്ങളിൽ വാടകയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന തുക നാളിതു വരെ ഈടാക്കിയിട്ടില്ല. വാടക രജിസ്റ്ററിൽ പിരിച്ചെടുക്കാനുള്ള കുടിശ്ശിക മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഏത് വർഷം മുതലുള്ള കുടിശ്ശികയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാടക കുടിശ്ശികയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. രജിസ്റ്റർ പ്രകാരം പിരിച്ചെടുക്കാൻ കുടിശ്ശികയായി നിൽക്കുന്ന തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാടകക്കാരൻ | കെട്ടിട നം. | കുടിശ്ശിക തുക |
|---|---|---|
| ജി.വിഷ്ണു, വേലന്താവളം | റൂം നം.2 | 720 |
| കാളിമുത്തു, കിണർപ്പള്ളം | റൂം നം.3 | 720 |
| കലാമണി | റൂം നം.4 | 1210 |
| ശ്രീദുർഗ്ഗ കുടുംബശ്രീ, വേലന്താവളം | | 720 |
| സെക്രട്ടറി, അമൃതം ഫുഡ്സ് | 1666/6 | 2298 |
| ജ്യോതി, IHDP കോളനി, വേലന്താവളം | റൂം നം.18 | 4000 |
| മുരുകൻ, വേലന്താവളം | റൂം നം.15 | 2000 |
| PC PIL, പാലക്കാട് | റൂം നം.17 | 1000 |
| ആകെ | | 12668 |

വാടകയിനത്തിൽ പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുക എത്രയും പെട്ടെന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## **2-4** മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

എ)ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക(31-03-2017 വരെ) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./കെട്ടിട നം. | വാർഡിന്റെ പേര് | ടവറിന്റെ ഉടമ | ഇൻസ്റ്റലേഷൻ നടത്തിയ വർഷം | ഈടാക്കേണ്ട വസ്തു നികുതി | വസ്തുനികുതി കുടിശ്ശിക (31-03-2017 വരെ) (പിഴ പലിശ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 5/55 | ആട്ടയംപതി | ഭാരതി ഇൻഫ്രാ ടെൽ ലിമിറ്റഡ് | 2007-08 | 9830 | 10352 (2016-17) |

| | | | | | | |
|---|---|---|---|---|---|---|
| 2 | 17/104 | എരുമക്കാരനൂർ | ഭാരതി ഇൻഫ്രാ ടെൽ ലിമിറ്റഡ് | 2006-07 | 12075 | 12717 (2016-17) |
| 3 | 14/505 | ഭഗവതിപ്പാ | ഭാരതി ഇൻഫ്രാ ടെൽ ലിമിറ്റഡ് | 2012-13 | 9660 | 22235 2015-16 മുതൽ 2016-17 വരെ) |
| 4 | 6/452 | ഒഴലപ്പതി | ഭാരതി ഇൻഫ്രാ ടെൽ ലിമിറ്റഡ് | 2007-08 | 13830 | 14560 (2016-17) |
| 5 | 3/261 | വേലന്താവളം | ഭാരതി ഇൻഫ്രാ ടെൽ ലിമിറ്റഡ് | 2007-08 | 12918 | 13602 (2016-17) |
| 6 | 10/127 | കള്ളിയമ്പാറ | ഭാരതി ഇൻഫ്രാ ടെൽ ലിമിറ്റഡ് | 2008-09 | 9200 | 9690 (2016-17) |
| 7 | 6/50 | ഒഴലപ്പതി | റിലയൻസ് | 2009-10 | 13800 | 79290 (2012-13 മുതൽ 2016-17 വരെ) |
| 8 | 9/519 | കിണർപ്പള്ളം | റിലയൻസ് | 2008-09 | 13800 | 90164 (2011-12 മുതൽ 2016-17 വരെ) |
| 9 | 4/76 | മുൻസിഫ്ചള്ള | റിലയൻസ് | 2008-09 | 9153 | 67539 (2010-11 മുതൽ 2016-17 വരെ) |

മൊബൈൽ ടവറുകളുടെ നാളിതു വരെയുള്ള വസ്തുനികുതി, പലിശ സഹിതം എത്രയും പെട്ടെന്ന് ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ബി) GO (Rt) No.2640/12/LSGD തിയതി 19-9-2012 പ്രകാരം ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) സർക്കുലർ നം.40395/ആർ.സി2/2014/തസ്വഭവ തിയതി 19-10-2014 ലെ നിർദ്ദേശാനുസരണം അനധികൃത മൊബൈൽ ടവറുകളുടെ പ്രവർത്തനം സംബന്ധിച്ച് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അങ്കണവാടി പോഷകാഹാര പദ്ധതി-കേന്ദ്രവിഹിതം വിനിയോഗിച്ചിട്ടില്ല

അങ്കണവാടി പോഷകാഹാര പദ്ധതിക്കായി 2016-17 വർഷത്തിൽ 1483659 രൂപ കേന്ദ്ര ഫണ്ടിനത്തിൽ ലഭ്യമായിട്ടുണ്ട്. മുന്നിരിപ്പുൾപ്പെടെയുള്ള 1643302 രൂപയിൽ ആകെ 598151 രൂപ മാത്രമാണ് പോഷകാഹാര പദ്ധതികൾക്കായി ഓഡിറ്റ് വർഷത്തിൽ വിനിയോഗിച്ചിട്ടുള്ളത്. 1045151 രൂപ വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്നു. അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

## 3-2 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്- അവലോകനം

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന 11കുടിവെള്ള പദ്ധതികളിലായി ആകെ 1277 ഗാർഹിക കണക്ഷനുകളും 242 പൊതുടാപ്പുകളുമാണുള്ളത്. ഗാർഹിക കണക്ഷനുകൾക്ക് 100 രൂപയും ഗാർഹികേതര കണക്ഷനുകൾക്ക് 180 രൂപയുമാണ് വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഈടാക്കുന്നത്. ഓരോ പദ്ധതിക്കു കീഴിലും യഥാർത്ഥത്തിലുള്ള കണക്ഷനുകളുടെ എണ്ണം, ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക എന്നിവ രേഖപ്പെടുത്തി ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഗാർഹികേതര കണക്ഷനുകൾ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് നിർമിച്ച് ഗുണഭോക്തൃകമ്മിറ്റിക്ക് കൈമാറിയ 38 കുടിവെള്ള പദ്ധതികൾ കൂടിയുണ്ട്.

വാർഷിക കണക്കുകൾ പ്രകാരം 2016-17 വർഷത്തെ വെള്ളക്കരം ഡിമാന്റ്773300 രൂപയാണ്. തൻവർഷ വരവ് 223470 രൂപയും കുടിശ്ശിക വരവ് 115710രൂപയുമാണ്. തൻവർഷ വെള്ളക്കരം 1549830 രൂപയും കുടിശ്ശിക വെള്ളക്കരം 1869646 രൂപയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി വൈദ്യുതി ചാർജ്, വേതനം, റിപ്പയർ ചാർജ്ജ് ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന് വൻ ചെലവ് വരുന്നുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 1037426 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 711800 |
| അറ്റകുറ്റപണികൾക്കായുള്ള ചെലവ് | 482087 |
| ആകെ | 2231313 |

ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികൾ കൂടാതെ വാട്ടർ അതോറിറ്റിയുടെ 427 പൊതുടാപ്പുകളും നിലവിലുണ്ട്. ടാപ്പൊന്നിന് 5250 രൂപ പ്രകാരം ഈയിനത്തിൽ അവയ്ക്കായി 2016-17വർഷത്തിൽ 2241750/- രൂപ വെള്ളക്കരം അടച്ചിട്ടുണ്ട്. ടാപ്പുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ഓരോ കുടിവെള്ള പദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ കൃത്യമായ കണക്ക് തയ്യാറാക്കി കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴ ഉൾപ്പെടെയുള്ള തുക ഈടാക്കേണ്ടതാണ്.

വെള്ളക്കരമായി ഈടാക്കുന്ന തുക നാമമാത്രമായതിനാൽ ആയത് കാലഘട്ടത്തിനനുസൃതമായി പരിഷ്കരിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന് ഉണ്ടാവുന്ന അധിക ബാധ്യത ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനായി സംയുക്ത പരിശോധന നടത്തേണ്ടതും ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

സർക്കാർ ഉത്തരവ് (സാ .) 1275 /2009 / ത.സ്വ. ഭ . വ തീയ്യതി 30.05. 20 09 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃസമിതി രൂപീകരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറി കിട്ടിയതും ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്നതുമായ കുടിവെള്ള പദ്ധതികളുടെ ആസ്തി-ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-3 സ്ട്രീറ്റ് ലൈറ്റ് (എൽ ഇ ഡി) പർച്ചേസ് - ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ല

സ്ട്രീറ്റ് ലൈറ്റ് പർച്ചേസ് (എൽ ഇ ഡി) എന്ന പദ്ധതിക്കായി വൈദ്യുതോപകരണങ്ങൾ വാങ്ങുന്നതിന് പ്രൊജക്ട് നം.207/17 പ്രകാരം ലോക ബാങ്ക് ധനസഹായത്തിൽ നിന്നും തുക വകയിരുത്തി 169990 രൂപ ബിൽനം. 40/31.3.17 പ്രകാരം പിൻവലിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച ഗ്രീൻ ലീഫ് ടെക്നോളജി എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. കാഷ് ബിൽ നം. 31/23.3.17 പ്രകാരം വാങ്ങിയ 81 എൽ ഇ ഡി വിളക്കും ഉപകരണങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ വരവിലെടുത്തിട്ടുണ്ടെങ്കിലും നാളിതുവരെയും ഉപയോഗിച്ചിട്ടില്ല. പ്രസ്തുത ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഗോഡൗണിൽ സൂക്ഷിച്ചിട്ടുള്ളതായി പ്രാദേശിക പരിശോധനയിൽ കണ്ടെത്തി.



ഉപയോഗിക്കാത്ത തെരുവ് വിളക്ക് ഉപകരണങ്ങൾ

ഉപകരണങ്ങൾ സ്ഥാപിച്ചതിനുശേഷം കെ എസ് ഇ ബി യുടെ സാക്ഷ്യപത്രം സഹിതമുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കണം.

## 3-4 കുടിവെള്ള പദ്ധതികളുടെ കറണ്ട് ചാർജ് യഥാസമയം ഒടുക്കാതെ പിഴ ഒടുക്കി

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന താഴപ്പറയുന്ന കുടിവെള്ള പദ്ധതികളുടെ മുൻ വർഷങ്ങളിലെ കറണ്ട് ചാർജ് യഥാസമയം ഒടുക്കാതെ സർചാർജ്ജ് ഉൾപ്പെടെ ഒടുക്കിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

വൗച്ചർ നം. 21600234/30.6.16, തുക-201887 (കുടിശ്ശിക തുക)

വൗച്ചർ നം. 21600235/30.6.16, തുക-47859 (സർചാർജ്ജ് തുക)

| പദ്ധതിയുടെ പേര് | കൺസ്യൂമർ നം. | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക | പിഴ തുക |
|---|---|---|---|---|
| ചമ്പാ ഏരി | 18676 | 11/12 to 5/14 | 97822 | 9461 |
| കള്ളിയമ്പാറ | 18852 | 5/13 to 9/15 | 44287 | 6334 |
| അനുപ്പൂർ | 11995 | 1/05 to 3/08 | 55795 | 31779 |

| | | | | |
|---|---|---|---|---|
| ഒഴലപ്പതി | 18685 | 11/13 to 9/15 | 33983 | 285 |
| ആകെ | | | 201887 | 47859 |

വൈദ്യുതി ചാർജ്ജ് യഥാസമയത്ത് അടയ്ക്കാതിരുന്നതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ ആവശ്യമായ തുക തനതു ഫണ്ടിലുണ്ടായിട്ടും തുക അടയ്ക്കാതെ പിഴ അടയ്ക്കുന്ന രീതിക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും.

## 3-5 വാഹനത്തിന്റെ ഉപയോഗം- രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല

KL7-0869 എന്ന നമ്പറിലുള്ള ബോലേറോ എന്ന വാഹനമാണ് ഗ്രാമ പഞ്ചായത്തിലുള്ളത്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച ജി.ഒ. (എം.എസ് )170 / 07 തീയതി 30.06.2007, സർക്കുലർ നം 41/2008/ധനം. തീ.02.08.2008 എന്നീ സർക്കാർ ഉത്തരവിൽ പറയും പ്രകാരമുള്ള റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. 2016-17 വർഷത്തിൽ ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം എഴുതുകയോ സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുകയോ ചെയ്തിട്ടില്ല. ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് മേൽപ്പറഞ്ഞ ഉത്തരവുകളിലെ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-6 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

2016-17 വർഷത്തിൽ വിവിധ പ്രവൃത്തികൾക്കായി താഴെപ്പറയുന്ന തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ട് | ട്രഷറി ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 56/17 | കള്ളിയമ്പാറ എസ് സി കേളനി പൈപ്പ് ലൈൻ നീട്ടൽ | 12/17.1.17 | 50625 | അസി.എഞ്ചിനീയർ,<br>പി എച്ച്ഡിവിഷൻ, ചിറ്റൂർ<br>KWA |
| 2 | 46/17 | വിവിധ അങ്കണവാടികൾക്ക് വാട്ടർ അതോറിറ്റിയുടെ പൈപ്പ് കണക്ഷൻ | 11/12.1.17 | 57550 | അസി.എഞ്ചിനീയർ,<br>പി എച്ച്ഡിവിഷൻ, ചിറ്റൂർ<br>KWA |

| | | | | | |
|---|---|---|---|---|---|
| 3 | 187/17 | വിവിധ സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻനീട്ടൽ | 21/17.3.17 | 1398375 | അസി.എഞ്ചിനീയർ,<br>പിഎച്ച് ഡിവിഷൻ, ചിറ്റൂർ<br>KWA |
| 4 | 189/17 | പരിശക്കൽ എസ്.സി കോളനി പൈപ്പ് ലൈൻ നീട്ടൽ | 19/17.3.17 | 355500 | അസി.എഞ്ചിനീയർ,<br>പി.എച്ച്.ഡിവിഷൻ, ചിറ്റൂർ<br>KWA |
| 5 | 196/17 | നല്ലവീട്ടുചള്ള മുതൽ ചന്ദ്രൻ വീട് വരെ പൈപ്പ് ലൈൻ നീട്ടൽ | 27/14.3.17 | 65000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>പി എച്ച് ഡിവിഷൻ പാലക്കാട് |
| 6 | 191/17 | കള്ളിയമ്പാറ മാരിയമ്മൻ കോവിൽ മുതൽ ചന്ദ്രന്കുട്ടികളം വരെ പൈപ്പ്ലൈൻ നീട്ടൽ | 25/14.3.17 | 220000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>പി എച്ച് ഡിവിഷൻ പാലക്കാട് |
| 7 | 194/17 | നല്ലവീട്ടുചള്ള മുതൽ നൂൽക്കാരൻവീട് വരെ പൈപ്പ്ലൈൻ നീട്ടൽ | 26/14.3.17 | 175000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>പി എച്ച് ഡിവിഷൻ പാലക്കാട് |
| 8 | 198/17 | മണിയക്കാരൻചള്ള പൈപ്പ്ലൈൻ നീട്ടൽ | 41/29.3.17 | 190000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>പി എച്ച് ഡിവിഷൻ പാലക്കാട് |
| 9 | 197/17 | കോപ്പമേനോൻചള്ള പൈപ്പ്ലൈൻ നീട്ടൽ | 40/29.3.17 | 160000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>പി എച്ച് ഡിവിഷൻ പാലക്കാട് |
| 10 | 188/17 | സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ | 22/17.3.17 | 975000 | അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, വേലന്താവളം |
| 11 | 192/17 | നല്ലവീട്ടുചള്ള മുതൽ മണൽകാട് വരെ സ്ട്രീറ്റ്ലൈൻ നീട്ടൽ | 39/29.3.17 | 151650 | അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, വേലന്താവളം |
| 12 | 190/17 | മുൻസിഫ്ചള്ള സ്ട്രീറ്റ്ലൈൻ നീട്ടൽ | 33/24.3.17 | 159750 | അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, വേലന്താവളം |

| | | | | | |
|---|---|---|---|---|---|
| 13 | 195/17 | അഞ്ജലിസ്ട്രീറ്റ് സ്ട്രീറ്റ്ലൈൻ നീട്ടൽ | 29/24.3.17 | 37800 | അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, വേലന്താവളം |
| 14 | 49/17 | ആട്ടയംപതി ന്യൂ എസ് ടി കോളനി സ്ട്രീറ്റ്ലൈൻ നീട്ടൽ | 31/24.3.17 | 40500 | അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, വേലന്താവളം |
| 15 | 71/17 | കിണർപ്പള്ളം എസ് സി കോളനി സ്ട്രീറ്റ്ലൈൻ നീട്ടൽ | 30/24.3.17 | 37800 | അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, വേലന്താവളം |
| 16 | 48/17 | കള്ളിയംപന ചന്ദ്രാനഗർ കോളനി സ്ട്രീറ്റ്ലൈൻ നീട്ടൽ | 32/24.3.17 | 32850 | അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, വേലന്താവളം |
| 17 | 193/17 | വളയക്കാരൻചള്ള , കുട്ടപ്പള്ളത്താൻചള്ള സ്ട്രീറ്റ്ലൈൻ നീട്ടൽ | 42/29.3.17 | 157950 | അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, വേലന്താവളം |

ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്.

# 3-7 സാക്ഷരതാ പ്രേരക് - ഓണറേറിയം തിരികെ ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ 2 സാക്ഷരതാ പ്രേരകുമാരുടെ ഹൊണറേറിയം തനത് ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നത്. G.O.(Rt) 27/17/gen.edn. Dt 7.1.17 പ്രകാരം തുക തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകിയശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ സാക്ഷരതാ മിഷൻ തുക തിരികെ നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് 6/2016 മുതൽ 3/17 വരെ ഹോണറേറിയം നൽകുവാൻ ചെലവഴിച്ച ₹ 99890 നാളിതുവരെ സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-8 ആശ്രയ പദ്ധതി - ധനസഹായം കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തികരിച്ചില്ല

1. പ്രോജക്റ്റ് നമ്പർ S0084-17 - ആശ്രയ പദ്ധതി
   ആകെ അടങ്കൽ - 1000000
   ചെലവ് - 160000

ബിൽനമ്പർ - 7/16-17 തീയതി 08.03.17 - 40000
ബിൽനമ്പർ - 14/16-17 തീയതി 24.03.17 - 60000
ബിൽനമ്പർ - 20/16-17 തീയതി 30.03.17 - 60000

2. പ്രോജക്റ്റ് നമ്പർ S0022-17 ആശ്രയ പദ്ധതി

ആകെ അടങ്കൽ - 575000
ചെലവ് - 145000

ബിൽനമ്പർ - 13/16-17 തീയതി 23.03.17 - 20000
ബിൽനമ്പർ - 16/16-17 തീയതി 29.03.17 - 125000

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്റ്റ് നമ്പർ S0084-17 - ആശ്രയ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് അന്നപൂർണ്ണി, ചിന്നക്കണ്ണാൾ എന്നീ ഗുണഭോക്താക്കളും പ്രോജക്റ്റ് നമ്പർ S0022-17 ആശ്രയ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വസന്തകുമാരി എന്നീ ഗുണഭോക്താവും പദ്ധതി തുകയുടെ വിവിധ ഗഡുക്കൾ കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക (നമ്പർ - 10, തീയതി 24.07.17) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടില്ല. ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

| പേര് | കൈപ്പറ്റിയ തുക | ബാക്കി നൽകാനുള്ള തുക |
|---|---|---|
| അന്നപൂർണ്ണി<br>D/o. വേലുച്ചാമി എതുമ്മക്കാരന്നൂർ | 1st ഗഡു-20000<br>2nd ഗഡു-60000 | 120000 |
| ചിന്നക്കണ്ണാൾ<br>W/o. കറുപ്പ്സ്വാമി കരിയൻചെട്ടിക്കളം ആട്ടയാംപതി | 1st ഗഡു-20000<br>2nd ഗഡു-60000 | 120000 |
| വസന്തകുമാരി<br>C/o. രാജൻ പരിശിക്കൽ | 1st ഗഡു-20000 | 180000 |

# 3-9 വി.ഇ.ഒ യുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്

